പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3651 26.06.2012 -ലെ മറുപടി

കെ. എസ്. ആർ. ടി. സി. റിംഗ് റോഡ് സർവ്വീസ് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ്
" ബി. സത്യൻ
" എസ്. രാജേന്ദ്രൻ
ശ്രീമതി. കെ. എസ്. സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | യാത്രാസൗകര്യം മെച്ചപ്പെടുത്താൻ ഗ്രാമങ്ങളേയും നഗരങ്ങളേയും ബന്ധപ്പെടുത്തി കെ.എസ്.ആർ.ടി.സി.റിംഗ് റോഡ് സർവ്വീസ് നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ നിലവിൽ പ്രസ്തുത സർവ്വീസ് എവിടെയൊക്കെയാണ് നടപ്പിലാക്കിയത്; റൂട്ട് നിശ്ചയിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; | (ബി) | തിരുവനന്തപുരം സിറ്റി, പാപ്പനംകോട്, നെയ്യാറ്റിൻകര, വെള്ളറട, വെഞ്ഞാറമൂട്, ആറ്റിങ്ങൽ എന്നീ ഡിപ്പോകളിൽ നിന്നാണ് രാജധാനി റിംഗ് റോഡ് സർവ്വീസുകൾ ഇപ്പോൾ നടത്തുന്നത്. യാത്രക്കാർക്ക് പ്രയോജനപ്രദവും, കോർപ്പറേഷന് ഗുണകരവുമായ റൂട്ടുകളിലാണ് സർവ്വീസുകൾ അനുവദിച്ചിട്ടുള്ളത്. |
| (സി) | റൂട്ട് നിശ്ചയിക്കുന്നതിലെ അപാകതകൾ കാരണം റിംഗ് റോഡ് സർവ്വീസ് നഷ്ടമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ഉൾപ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്കുലർ സർവ്വീസുകളാണ് പ്രധാനമായും റിംഗ് റോഡ് സർവ്വീസ് എന്ന രീതിയിൽ നടപ്പിലാക്കിയിട്ടുള്ളത്. പുതിയ ഒരു തരം സർവ്വീസ് എന്ന നിലക്ക് ഒരു മാസം പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ചതിനു ശേഷം ഉദ്ദേശിച്ച വരുമാനം ലഭിച്ചില്ലായെങ്കിൽ റൂട്ട് പുനഃക്രമീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു? | | |

സെക്ഷൻ ഓഫീസർ